പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5227 27.06.2019 ൽ മറുപടിയ്ക്ക്

ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് നടപടി

ചോദ്യം
ശ്രീ.കെ.വി.വിജയദാസ്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനായി സിവിൽ സപ്ലൈസ് വിതരണ കേന്ദ്രങ്ങളിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ? | സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായി 14 ഇനം സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. സബ്സിഡി നിരക്കിൽ ഈ അവശ്യ സാധനങ്ങൾ ശരാശരി ഇരുപത് മുതൽ അൻപത് ശതമാനം വരെ വിലക്കുറവിലും 36 ഇനം നിത്യോപയോഗ സാധനങ്ങൾ ഫ്രീസെയിൽ സബ്സിഡി നിരക്കിലും ശബരി/ FMCG (Fast moving consumer goods) സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിലും പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുകയും നിലവിലുള്ളവ നവീകരിച്ച് ഉപഭോക്തൃ സൗഹൃദ സ്ഥാപനങ്ങളാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടെണ്ടർ, ഇ-ലേലം മുതലായ സുതാര്യമായ പർച്ചേസ് രീതികൾക്ക് പുറമെ, നാഫെഡ് മുതലായ കേന്ദ്ര സർക്കാർ ഏജൻസികളിൽ നിന്നും ഭക്ഷ്യ സാധനങ്ങൾ സംഭരിക്കുന്നു. സബ്സിഡി സാധനങ്ങളുടെ ദുരുപയോഗം പൂർണ്ണമായി തടയുന്നതിനായി ഓൺലൈൻ സംവിധാനം ഉപയോഗിച്ചുള്ള ബില്ലിംഗ് ഏർപ്പെടുത്തുകയും വിപണന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഹോം അപ്ലയൻസസിന്റെയും കുപ്പിവെള്ളത്തിന്റെയും വിൽപ്പന ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ